മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പവനോർജ്ജ പരിപാടികൾ, സൗരോർജ്ജ വൈദ്യുത പദ്ധതികൾ, ജൈവോർജ്ജ പദ്ധതി, ചെറുകിട ജല വൈദ്യുത പദ്ധതികൾ എന്നിവയാണ് ഇപ്പോൾ സംസ്ഥാനത്ത് അനെർട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി & സി) അനെർട്ട് നടപ്പിലാക്കി വരുന്ന മിക്ക പരിപാടികളും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിപുലപ്പെടുത്തുവാൻതക്ക രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ദേശീയ ജൈവോർജ്ജ നിർണ്ണയ സർവ്വെ, ജൈവ വാതക പരിപാടി, 'ആദിത്യ' പ്രദർശന ശാലകൾ, മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചരണം/ നിർമ്മാണം, ഗ്രാമീണ ഊർജ്ജാസൂത്രണ പരിപാടികൾ എന്നിവ ഇതിനുദാഹരണങ്ങളാണ്.

പി. സി. ബി. ഡി. പദ്ധതി

*29 [329] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രോജക്ട് ഓൺ കപ്പാസിറ്റി ബിൽഡിംഗ് ഫോർ ഡിസെൻട്രലൈസേഷൻ ഇൻ കേരള എന്ന ഒരു പദ്ധതി ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു സംയുക്ത സമിതിയിലൂടെ നടപ്പാക്കിയിരുന്നുവോ;

(ബി) എങ്കിൽ ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത് എന്നറിയിക്കുമോ;

(സി) അതിനുള്ള പണം എവിടെനിന്നാണ് ലഭിച്ചത് എന്നും ഈ പണം ആരിലൂടെയാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ മുഖേന കപ്പാസിറ്റി ഡെവലപ്പ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ ഇൻ കേരള (കൃാപ്ഡെക്ക്) എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. അതിന്റെ മേൽനോട്ടം വഹിക്കുവാൻ രൂപീകരിച്ചിരുന്ന ജോയിന്റ് പ്രോജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ആയിരുന്നു.

(ബി) അക്കാദമിക്ക് പ്രവർത്തനങ്ങൾ, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നീ രണ്ട് പ്രധാന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അവയുടെ വിശദ വിവരം ചുവടെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. അക്കാദമിക്ക് പ്രവർത്തനങ്ങൾ :

i. പതിനഞ്ച് കൈപ്പുസ്തകങ്ങൾ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തു.

ii. വിവിധ തലങ്ങളിൽ 59 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

iii. 1.21 ലക്ഷം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വികേന്ദ്രീകൃതാസൂത്രണ പ്രവർത്തകർ, വർക്കിംഗ് ഗ്രൂപ്പ്, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവയിലെ അംഗങ്ങൾ മുതലായവർക്ക് പരിശീലനം നല്കി.

iv. പ്രോജക്ട് കാലയളവിൽ വ്യത്യസ്ത വിഷയങ്ങളിലെ ഒമ്പത് ഫാക്കൽറ്റി അംഗങ്ങളുടെ സേവനം 'കില' യ്ക്ക് ലഭ്യമാക്കി.

v. കിലയിലെ ഫാക്കൽറ്റി അംഗങ്ങളും ക്യാപ്ഡെക്കിലെ ഉദ്യോഗസ്ഥരും 13 ദേശീയ ശില്പശാലകളിലും ഒരു അന്തർദേശീയ ശില്പശാലയിലും പങ്കെടുത്തു.

vi. കിലയിൽ പത്ത് ഇന്റേണൽ സെമിനാറുകൾ സംഘടിപ്പിച്ചു.

2. സ്ഥാപനങ്ങളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയത് :

i. (a) കിലയിൽ 24 ക്വാർട്ടേഴ്സുകൾ, ആഡിറ്റോറിയം, കോമ്പൗണ്ട് ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.

(b) ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ഹോസ്റ്റൽ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.

(c) ഔദ്യോഗിക കാർ, കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, പ്രിന്ററുകൾ, ഫർണിച്ചർ മുതലായവ വാങ്ങുകയുണ്ടായി.

ii. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിന് ഓവർഹെഡ് പ്രോജക്ടർ, പബ്ലിക് അഡ്രസ് സംവിധാനം, രണ്ട് കമ്പ്യൂട്ടറുകൾ, രണ്ട് പ്രിന്ററുകൾ മുതലായവ നൽകി.

iii. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന് ഓവർഹെഡ് പ്രോജക്ടർ, പബ്ലിക് അഡ്രസ് സാമഗ്രികൾ, ഫോട്ടോ കോപ്പിയർ, നാല് കമ്പ്യൂട്ടറുകൾ, നാല് പ്രിന്ററുകൾ മുതലായവ വാങ്ങി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

iv. സംസ്ഥാന ആസൂത്രണ ബോർഡിന് ഓവർ ഹെഡ് പ്രോജക്ടറും ഫോട്ടോ കോപ്പിയറും അഞ്ച് കമ്പ്യൂട്ടറുകളും രണ്ട് പ്രിന്ററുകളും നൽകി.

(സി) സ്വിസ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷനിൽ നിന്നാണ് പണം ലഭിച്ചത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലൂടെയാണ് ചെലവഴിച്ചത്.

ഡെങ്കിപ്പനി പ്രതിരോധത്തിന് നടപടി

*30 [330] ശ്രീ. പി ജയരാജൻ :
,, സാജു പോൾ :
,, വി. കെ. സി. മമ്മത്കോയ :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെങ്കിപ്പനി പോലെയുള്ള പകർച്ചവ്യാധികൾ പിടിപെട്ടാൽ അത് ച്ചുനീക്കാൻ മൂന്നു വർഷത്തെ തുടർച്ചയായ പ്രതിരോധ പ്രവർത്തനം വേണമെന്ന ഗ്ധാഭിപ്രായം സർക്കാർ പരിഗണിക്കുമോ;

(ബി) ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന് സർക്കാർ ഇതിനകം വദിച്ച തുക എത്രയാണ്;

(സി) ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന് ആകെ ചെലവാക്കിയ ുക എത്ര?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനം ആവശ്യമാണെന്ന് സർക്കാർ മനസ്സിലാക്കിയാണ് മേൽനടപടികൾ എടുക്കുന്നത്. ഡെങ്കിപ്പനി പകർച്ചവ്യാധി ഉണ്ടായപ്പോൾ മുതൽ സ്വീകരിച്ച നിയന്ത്രണ പരിപാടികൾ എല്ലാം തന്നെ ഇപ്പോഴും സംസ്ഥാനത്ത് തുടർന്നും ചെയ്തുകൊണ്ടിരിക്കയാണ്. രോഗം കൂടുതലായി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൊതുകിനെപ്പറ്റി പഠനം നടത്തി കൊതുകുകളുടെ സാന്ദ്രത മനസ്സിലാക്കി നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൊതുകുജന്യ രോഗങ്ങളെപ്പറ്റി ആരോഗ്യ വകുപ്പ് ജാഗ്രതയോടുകൂടി വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും നിയന്ത്രണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി & സി) എല്ലാവിധ പകർച്ചവ്യാധികളും നിയന്ത്രിക്കാനാണ് തുക അനുവദിച്ചിട്ടുള്ളത്. ഡെങ്കിപ്പനിക്ക് മാത്രമായി പ്രത്യേക തുക അനുവദിച്ചിട്ടില്ല. ആരോഗ്യ വകുപ്പിൽ നിന്നും കഴിഞ്ഞ വർഷം 535 ലക്ഷം രൂപ പകർച്ചവ്യാധി നിയന്ത്രണത്തിനായി അനുവദിച്ചിട്ടുണ്ട്. ആകെ ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly